(ജി) മഞ്ചേരി സ്റ്റേഷനിൽ 24 കേസുകളിലേയും, അരിക്കോട് സ്റ്റേഷനിൽ 13 കേസുകളിലേയും പ്രതികളെ പിടികൂടാനുണ്ട്.

തിരുവനന്തപുരത്ത് ജാഥ തടഞ്ഞ സംഭവം

116 (3306) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാമാണ്ട് മാർച്ച് മാസം 1-ാം തീയതി ഡി.വൈ.എഫ്.ഐ. സംസ്ഥാനത്തുള്ള കേന്ദ്ര ഓഫീസുകൾ ഉപരോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണമെന്ത് ;

(ബി) പ്രസ്തുത ഉപരോധത്തിന് പോയ ഡി.വൈ.എഫ്.ഐ. ജാഥകളെ വഴിക്കുവെച്ച് പോലീസ് തടഞ്ഞുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(സി) 2000-ാമാണ്ട് ഫെബ്രുവരി 3-ാം തീയതി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ ഓഫീസിന് മുമ്പിൽ ധർണ്ണയ്ക്കു പോയ യു.ഡി.എഫ്. പ്രതിനിധികൾ അടങ്ങുന്ന ജാഥയെ പോലീസ് തടയുവാൻ ശ്രമം നടത്തുകയുണ്ടായോ ;

(ഡി) എങ്കിൽ അത് എന്തടിസ്ഥാനത്തിലെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉദാരവൽക്കരണ നയങ്ങൾക്കെതിരേയും തൊഴിലില്ലായ്മക്കെതിരേയും പ്രതിഷേധിച്ചാണ് ഉപരോധം നടന്നത്.

(ബി) തടഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഓഫീസിന്റെ ഗേറ്റിന് 200 മീറ്റർ അകലെ വച്ച് കേരള പോലീസ് ആക്ട് പ്രകാരം തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ നിയമാനുസൃത ഉത്തരവ് അനുസരിച്ച് ജാഥ പോലീസ് തടഞ്ഞിരുന്നു.

(ഡി) ജാഥ നടത്തുന്നതിന് ഇലക്ഷൻ കമ്മീഷൻ ഓഫീസിന്റെ ഗേറ്റിന് 200 മീറ്റർ അകലെവരെ മാത്രമെ അനുവാദമുണ്ടായിരുന്നുള്ളൂ. മാർച്ച് ഇല്ക്ഷൻ കമ്മീഷൻ ഓഫീസിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്താതിരിക്കുന്നതിനും മറ്റ് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വേണ്ടിയാണ് ജാഥ തടഞ്ഞത്.

മഞ്ചേരി ഡി.എം.ഒ ഓഫീസ് ആക്രമിച്ച കേസ്സിലെ പ്രതികൾ

117 (3307) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി ഡി.എം.ഒ. ഓഫീസിൽ നടന്ന അക്രമത്തെ സംബന്ധിച്ച് മഞ്ചേരി പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം 646/99 കേസ്സിൽ ഉൾപ്പെട്ട പ്രതികളെ ഇതിനകം പിടികൂടിയിട്ടുണ്ടോ ; എങ്കിൽ ആരെല്ലാമാണ് പ്രതികൾ ;

LIBRARY ARCHIVES Kerala Legislative Assembly